# കേരള സർവകലാശാല

നം.പി.ആർ.197/2018

ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രം

2018 സെപ്റ്റംബർ 19 മുതൽ ആരംഭിക്കുന്ന രണ്ടാം വർഷ ആന്വൽ സ്കീം ബി.എസ്.സി. കംപ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ) സപ്ലിമെന്ററി (പഴയ സ്കീം, പുതിയ സ്കീം, മേഴ്സി ചാൻസ്) പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കൊല്ലം എസ്. എൻ. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

ആലപ്പുഴയിലും മറ്റു ജില്ലകളിലും അപേക്ഷിച്ച വിദ്യാർത്ഥികൾ ആലപ്പുഴ എസ്. ഡി. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

പുതിയ സ്കീമിൽ ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾ ടിക്കറ്റും തിരിച്ചറിയൽ രേഖയുമായി അതാത് സെന്ററിൽ പരീക്ഷക്ക് ഹാജരാകണം.

### ടൈംടേബിൾ

സെപ്റ്റംബർ 19 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സെപ്റ്റംബർ/ഒക്ടോബർ 2018 സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സിന് ചേരാനാഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ CACEE യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്. കോഴ്സ് കാലാവധി: 6 മാസം, യോഗ്യത: പ്ലസ്ടു, അപേക്ഷാഫോറം 110 രൂപ. കൂടുതൽ വിവരങ്ങൾക്ക് 8129418236, 9495476495 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് (2013 സ്കീം– സപ്ലിമെന്ററി, 2004 സ്കീം – മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ഏപ്രിലിൽ നടത്തിയ എം.എഡ് (ദ്വിവത്സര പ്രോഗ്രാം – 2015 സ്കീം) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി ഒക്ടോബർ 10.

2017 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സിചാൻസ് (2008 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 28. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

2018 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേഡ് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു. കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോറം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0474–2712240 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം
## ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് (2018 – 19 അദ്ധ്യയന വർഷം) പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in)പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും/പുനർക്രമീകരിക്കുന്നതിനും/ പ്രൊഫൈലിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനും സെപ്റ്റംബർ 7 വരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ അതിനു ശേഷമുള്ള പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 7 നകം സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം.
05.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ